# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 643 — 13.06.2012-ൽ മറുപടിക്ക്

## ആധുനിക ജീവിതശൈലീ-രോഗങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ഉബൈദുള്ള : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ആധുനിക ജീവിതശൈലി മുഖാന്തിരമുള്ള രോഗങ്ങളുടെ തീവ്രത മനസ്സിലാക്കി എന്തെല്ലാം മുൻകരുതൽ പദ്ധതികളാണ് ആവിഷ്ക്കരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;<br><br>(ബി) പകർച്ചവ്യാധികളല്ലാത്ത രോഗങ്ങൾ തടയുന്നതിന് ജില്ലകൾ തോറും പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിനും സമഗ്രമായ പഠനം നടത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ ? | (എ)യും (ബി)യും :<br>ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കുന്നതിന് ചികിത്സയേക്കാളും പ്രതിരോധ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകിയിരിക്കുന്നത്. സംസ്ഥാനത്തെ ഒട്ടുമിക്ക സാമൂഹ്യ ക്ഷേമകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ജീവിതശൈലീ രോഗങ്ങൾ ചികിത്സിക്കാനുള്ള ക്ലീനിക്കുകൾ നിലവിലുണ്ട്. അനാരോഗ്യകരമായ ശീലങ്ങളാണ് ജീവിതശൈലീരോഗങ്ങൾക്ക് കാരണമാകുന്നത്. തെറ്റായ ജീവിതശൈലി പ്രത്യേകിച്ച് പുകവലി, മദ്യപാനം, വ്യായാമക്കുറവ്, അനാരോഗ്യകരമായ ഭക്ഷണശീലം എന്നിവ തിരുത്തുന്നതിനുള്ള കൗൺസിലിംഗും ബോധവത്ക്കരണവും ഈ ക്ലീനിക്കുകളിലൂടെ നൽകിവരുന്നു. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ വഴി പ്രമേഹത്തിനും രക്താദി സമ്മർദ്ദത്തിനുമുള്ള പരിശോധനയും സൗജന്യമായി മരുന്നുകളും ലഭ്യമാക്കിയിട്ടുണ്ട്. സ്ക്കൂളുകൾ മുഖേനയും ബോധവല്ക്കരണം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ